**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2863** **14-09-2023 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിൽ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിലെ പാടശേഖരങ്ങളിൽ ധാരാളം മോട്ടോർ പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനാൽ വൈദ്യുതിയുടെ ഉപഭോഗം കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഉപഭോഗം കുറയ്ക്കുന്നതിനായി പ്രസ്തുത പാടശേഖരങ്ങളിൽ സോളാർ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോൾ പാടങ്ങളിലെ ഉയർന്ന ശേഷിയുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻ അനെർട്ട് പദ്ധതിയിട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (ബി) | തൃശ്ശൂർ ജില്ലയിൽ 219 കോൾ പാടങ്ങളാണ് നിലവിലുള്ളത്. ഇതിൽ VAF (Vertical Axial Flow) പമ്പുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്നവ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി, ഈ വർഷം അനുമതി ലഭിച്ച 5955 പമ്പുകളിൽ 59 എണ്ണം കോൾ പാടങ്ങളിലെ ഉയർന്ന ശേഷിയുള്ള പമ്പുകളാണ്. ഇതിൽ 35 എണ്ണത്തിന്റെ സാധ്യത പഠനം നടത്തി. ഫീസിബിൾ ആയ സ്ഥലങ്ങളിലെ പമ്പുകൾ സൗരോർജ്ജ വൽക്കരിക്കാൻ വേണ്ട തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ